# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 225 03/02/2020-ൽ മറുപടിക്ക്

## ജീവിത ശൈലീരോഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതും, യുവാക്കളെ പോലും അത് കീഴ്പ്പെടുത്തുന്നതുമായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ച് വരുന്നതായുള്ള പഠന റിപ്പോർട്ടുകളും സ്ഥിതി വിവരണ കണക്കുകളും ഗൗരവമായി പരിഗണിച്ചുകൊണ്ട് ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള പദ്ധതികൾ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. പ്രധാനമായും അനാരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമക്കുറവ്, ഉയർന്ന മാനസിക സമ്മർദ്ദം, ലഹരിയോടുള്ള ആസക്തി തുടങ്ങിയ കാരണങ്ങളാലാണ് യുവജനതയെപ്പോലും രോഗാർദ്രതയിലേക്ക് നയിക്കുന്ന ജീവിത ശൈലി രോഗങ്ങൾ സംസ്ഥാനത്ത് പിടിമുറുക്കുന്നത്. 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രാഥമിക ആരോഗ്യ തലത്തിൽ ആരംഭിച്ച ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി 2016-17 ഓടെ സംസ്ഥാന വ്യാപകമായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കുകയും ഈ രോഗങ്ങൾ കൊണ്ടുണ്ടാകുന്ന ഗുരുതരാവസ്ഥകൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേക്ക് നയിക്കുന്ന ജീവിത ശൈലിയെക്കുറിച്ചും 'കിരൺ' എന്ന പേരിൽ സമഗ്രപഠനം നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ജീവിത ശൈലി രോഗങ്ങളെക്കുറിച്ചും അതിലേക്ക് നയിക്കുന്ന ജീവിത ശൈലിയെക്കുറിച്ചും അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് ആന്റ് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ "കിരൺ" എന്ന പേരിൽ ഒരു പഠനം ആരോഗ്യ വകുപ്പ് നടത്തി വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലെയും വിവിധ പ്രദേശങ്ങളിൽ അധിവസിക്കുന്ന പത്ത് ലക്ഷം ജനങ്ങളുടെ വിവര ശേഖരണമാണ് ആരോഗ്യ വകുപ്പ് ജീവനക്കാരിലൂടെ, ഇ-ഹെൽത്ത് സംവിധാനത്തിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നത്. വിവര ശേഖരണം 2020 മാർച്ച് മാസത്തോടെ ഏകദേശം പൂർത്തിയാക്കുകയും അതിന്റെ വിശകലനം |

| | | | |
|---|---|---|---|
| | | | കൂടി പൂർത്തീകരിച്ച് 2020 സെപ്റ്റംബർ മാസത്തോടു കൂടി അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) | പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | സി) | പഠനം പൂർത്തിയായ ശേഷം ഇതിന്റെ വിവിധ തലങ്ങളിലുള്ള അവലോകനം നടത്തിയ ശേഷം മാത്രമേ കണ്ടെത്തലുകളെ കുറിച്ച് പ്രതിപാദിക്കുവാൻ സാധിക്കുകയുള്ളൂ. |
| ഡി) | ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജനങ്ങളെ ജീവിത ശൈലീരോഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | പഠന റിപ്പോർട്ട് പുറത്തു വന്നാൽ ഓരോ പ്രദേശത്തേയും ഓരോ വിഭാഗത്തിന്റെയും രോഗാതുരതയെക്കുറിച്ചും രോഗങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും (Risk Factors) വ്യക്തമായ ഒരു ചിത്രം ആരോഗ്യ വകുപ്പിന് ലഭിക്കുന്നതാണ്. പദ്ധതികൾ രൂപീകരിക്കുന്നതിനും ഓരോ ജില്ലകൾക്ക് തുക വകയിരുത്തുന്നതിനും പ്രത്യേക പാക്കേജുകൾ തയ്യാറാക്കുന്നതിനും ഈ പഠനം സഹായകരമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ